(ഇ) ഓരോ ജില്ലയിലും അനുവദിച്ച തുകയിൽ താഴെപറയും പ്രകാരം തുക വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്.

തിരുവനന്തപുരം	:	2,26,000
കൊല്ലം	:	1,30,000
പത്തനംതിട്ട	:	1,47,000
കോട്ടയം	:	17,65,433
ഇടുക്കി	:	94,000
ആലപ്പുഴ	:	2,36,000
എറണാകുളം	:	43,000
കാസർഗോഡ്	:	മുഴുവനും വിതരണം ചെയ്തു

ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായം

6 (658)ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ചികിത്സാ സഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും ജില്ലാ കളക്ടർമാരിൽനിന്നും അനുവദിച്ച തുക ഫണ്ടില്ല എന്ന കാരണത്താൽ ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവല്ല കുറ്റിപ്പുഴ ഇന്ദ്രാലയം വീട്ടിൽ ശാന്ത സോമൻ ഭർത്താവിന്റെ കിഡ്നിയുടെ രോഗ ചികിത്സക്കായി ധനസഹായത്തിനായി 25.3.2000-ൽ നൽകിയിരുന്ന അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 20,000/- രൂപ യിൽ താഴെയായിരിക്കണമെന്ന നിബന്ധനയുണ്ട്.

(ബി) തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സ്വരൂപി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത അപേക്ഷയിൽ 2000/- രൂപ ധനസഹായമായി അനു വദിച്ചിട്ടുണ്ട്.

അപകടമരണത്തിനിരയാകുന്നവരുടെ കുടുംബത്തിന് ലഭിക്കുന്ന ധനസഹായം

7 (659)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അപകടമരണത്തിനിരയാകുന്നവരുടെ കുടുംബത്തിന് എത്ര രൂപയാണ് ഇപ്പോൾ ധനസഹായം നൽകിവരുന്നത്;

(ബി) അപകടമരണത്തിനിരയാകുന്നവരുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് വാർഷിക വരുമാനം കണക്കിലെടുക്കാറുണ്ടോ;

(സി) പിന്നോക്ക-പട്ടികജാതിസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ കാർ തട്ടി ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരൊക്കെയാണ്; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപവീതം ധനസഹായം അനുവദിച്ചു;

(എഫ്)ഇത്രയും തുക മറ്റേതെങ്കിലും അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് ഈ ഫണ്ടിൽനിന്നും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കേസിൽമാത്രം ഇത്രയും തുക അനുവദിക്കുവാൻ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെ വാഹനം തട്ടി മരണമടഞ്ഞവരുടെ ആശ്രിതർക്കെല്ലാം ഈ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ അപകടത്തിനും നൽകിയ തുക സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അപകടമരണത്തിനിരയാകുന്ന പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 30,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ ആശ്രിതർക്ക് 15,000 രൂപയുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായമായി നൽകിവരുന്നത്.

(ബി) അപകടമരണത്തിനിരയായവർക്ക് ധനസഹായം നൽകുമ്പോൾ വാർഷിക വരുമാനം കണക്കാക്കാറില്ല.

(സി)-(ഇ) ഉണ്ട്. ആലപ്പുഴ ജില്ലയിൽ പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രിയുടെ കാറുമായി കൂട്ടിയിടിച്ച് ഓട്ടോറിക്ഷയിലെ ഡ്രൈവർ ദിനരാജൻ മരണപ്പെട്ടിട്ടുണ്ട്. ഇയാളുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് മന്ത്രിസഭാ തീരുമാനമനുസരിച്ചാണ് തുക അനുവദിച്ചത്.

(ജി) ഉണ്ടായിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്ന തുക

8 (662)<u>ശ്രീ. എം. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly